പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2587 07.10.2016-ലെ മറുപടിക്ക്

കരുനാഗപ്പള്ളി കെ. എസ്. ആർ. ടി. സി ഡിപ്പോ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കരുനാഗപ്പള്ളി കെ. എസ്. ആർ. ടി. സി ഡിപ്പോയുടെ തെക്കുഭാഗത്തുള്ള മതിൽ പൊളിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനാൽ കെ. എസ്. ആർ. ടി. സി. യുടെ വസ്തുവകകൾ മോഷണം പോകുന്നതിനും ഡിപ്പോ പരിസരത്ത് രാത്രികാലത്ത് സാമൂഹ്യ വിരുദ്ധ ശല്യമുണ്ടാകുന്നതിനും കാരണമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത മതിൽ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ഇല്ല.<br><br>ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണത്തിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത ഡിപ്പോ കോമ്പൗണ്ട് എത്രകാലം മുൻപാണ് ടാർ ചെയ്തതെന്നും പുതുതായി ടാർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ? | (ബി) | ബസ് സ്റ്റേഷൻ യാർഡ് ഭൂരിഭാഗവും കോൺക്രീറ്റ് ചെയ്തതാണ്. എന്നാൽ ഗ്യാരേജ് ഭാഗത്തെ യാർഡിലെ ടാറിംഗ് പ്രവൃത്തി 8 കൊല്ലങ്ങൾക്ക് മുൻപ് ചെയ്തതാണ്. |

സെക്ഷൻ ഓഫീസർ